# ഹനുമത്പ്രഭാവഃ

(7-ാം തരത്തിലെ പുതിയ സംസ്കൃതപാഠപുസ്തകത്തിലെ 3-ാംമത്തെ പാഠത്തിന്റെ പഠനക്കുറിപ്പുകൾ. മൂലവും പരിഭാഷയും വിശദീകരണവും സഹിതം)


## ഹരിപ്രസാദ്,വി.ടി.കടമ്പൂര്




ആമുഖം -

വാല്മീകിരാമായണം കിഷ്കിന്ധാകാണ്ഡം അറുപത്തേഴാം (സപ്തഷഷ്ടി) അദ്ധ്യായത്തിൽ നിന്നും ഉദ്ധരിച്ച ഏതാനും വരികളാണ് പാഠഭാഗത്തിലുള്ളത്. ഹനുമത്പ്രഭാവവർണ്ണനം എന്ന അദ്ധ്യായത്തിലെ 2,3,7 ശ്ലോകങ്ങളും 30-ാം ശ്ലോകത്തിലെ അവസാനവരിയും 31-ാംശ്ലോകത്തിലെ ആദ്യത്തെ വരിയും ചേർത്തുണ്ടാക്കിയ ഒരു ശ്ലോകവും, 36, 38 ശ്ലോകങ്ങളുമാണ് പാഠഭാഗത്തിലുള്ളത്. മൂലശ്ലോകം, അതിന്റെ വൃത്താനുവൃത്തവിവർത്തനം, അന്വയം, അന്വയാർത്ഥം, കുറിപ്പുകൾ എന്നീക്രമത്തിൽ പാഠഭാഗം സമ്പൂർണ്ണമായി ഇവിടെ പ്രസിദ്ധീകരിക്കുന്നു.

ജാംബവാൻ, ഹനുമാനെ സമുദ്രലംഘനത്തിന് പ്രേരിപ്പിക്കുന്നതിനു ആരംഭിക്കുന്നതായി വർണ്ണിച്ചുകൊണ്ടാണ് സർഗ്ഗം ആരംഭിക്കുന്നത്.

(മൈസൂർ യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ച (1975 vol.5) അമൃതകതകം സംസ്കൃത വ്യാഖ്യാനത്തോടുകൂടിയ 'വാല്മീകിരാമായണ'ത്തിലെ മൂലപാഠമാണ് ഇവിടെ മാതൃകാപാഠമായി സ്വകരിച്ചിരിക്കുന്നത്)

(अनेकशतसाहस्रीं विषण्णां हरिवाहिनीम्।
जाम्बवान् समुदीक्ष्यैवं हनुमन्तमथाब्रवीत्।।

അനേകായിരമായ് ദുഃഖിതന്മാരാം കപിസേനയെ
വീക്ഷിച്ച ഹനുമാനോടായ് ജാംബവാനോതി,യീവിധം)

അന്വയം - അഥ അനേകശതസാഹസ്രീം ഹരിവാഹിനീം വിഷണ്ണാം സമുദീക്ഷ്യ ജാംബവാൻ ഹനുമന്തം ഏവം അബ്രവീത്.

അന്വയാർത്ഥം- അപ്പോൾ നൂറായിരം വരുന്ന വാനരസൈന്യം വിഷണ്ണന്മാരായിരിക്കുന്നത് കണ്ട ജാംബവാൻ, ഹനുമാനോട് ഇപ്രകാരം പറഞ്ഞു.

1 वीर! वानरलोकस्य सर्वशास्त्रविदां वर!
तूष्णीमेकान्तमाश्रित्य हनूमन्! किं न जल्पसि।।

ശാസ്ത്രമെല്ലാമറിഞ്ഞോരിൽ മുമ്പനാം കപിവീര! നീ
ഹനുമൻ! ഒന്നുമോതാതെയെന്തേ മൗനം ഭജിക്കയോ?

അന്വയം - വാനരലോകസ്യ വീര! സർവ്വശാസ്ത്രവിദാം വര! ഹനുമാൻ! (ത്വം) തൂഷ്ണീം ഏകാന്തം ആശ്രിത്യ കിം ന ജല്പസി?

അന്വയാർത്ഥം- വാനരക്കൂട്ടത്തിലെ വീരനും, ശാസ്ത്രമറിയുന്നവരിൽ വെച്ച് വിദഗ്ദ്ധനുമായ ഹനുമാനെ! മൗനമവലംബിച്ച്, വിജനസ്ഥലത്തെ പ്രാപിച്ച് നീ ഒന്നും മിണ്ടാതിരിക്കുന്നതെന്തേ?

2 हनूमन्! हरिराजस्य सुग्रीवस्य समो ह्यसि ।
रामलक्ष्मणयोश्चापि तेजसा च बलेन च।।

ഹനുമൻ! കപിരാജാവാം സുഗ്രീവന്ന് സമൻ ഭവാൻ
രാമലക്ഷ്മണരോടൊക്കും നീയും തേജോബലങ്ങളാൽ

അന്വയം - ഹനുമൻ! ഹരിരാജസ്യ സുഗ്രീവസ്യ ച, തേജസാ ച ബലേന ച രാമലക്ഷ്മണയോഃ അപി സമഃ അസി ഹി.

അന്വയാർത്ഥം- ഹനുമാനേ! വാനരരാജാവായ സുഗ്രീവനും, തേജസ്സും ബലവും കൊണ്ട് രാമലക്ഷ്മണന്മാർക്കും തുല്യൻ തന്നെയാണ് നീ.

3 बलं बुद्धिश्च तेजश्च सत्वं च हरिपुङ्गव!
विशिष्टं सर्वभूतेषु किमात्मानं न बुद्ध्यसे ।।

ബലം, തേജസ്സ്, സത്വം നിൻ ബുദ്ധിയും കപിപുംഗവ!
എല്ലാഭൂതത്തിലും ശ്രേഷ്ഠ,മെന്നെന്തേയറിയാത്തു നീ?

അന്വയം- ഹരിപുംഗവ! ബലം ബുദ്ധി ച തേജഃ ച സത്വം ച സർവ്വഭൂതേഷു വിശിഷ്ടം ആത്മാനം കിം ന ബുദ്ധ്യസേ?

അന്വയാർത്ഥം- വാനരശ്രേഷ്ഠ! ബലവും ബുദ്ധിയും തേജസ്സും വീര്യവും ഉള്ള എല്ലാ ഭൂതങ്ങളിലുംവെച്ച് വിശിഷ്ടനാണ് താനെന്ന് ഭവാൻ സ്വയം അറിയുന്നില്ലേ?

*(കുറിപ്പ്- ഹരിപുംഗവൻ - വാനരശ്രേഷ്ഠൻ. പുംഗവൻ എന്നാൽ കാള എന്ന് സാമാന്യരീതിയിലുള്ള അർത്ഥം. ശ്രേഷ്ഠാർത്ഥത്തെ സൂചിപ്പിക്കാൻ കാള എന്നർത്ഥം വരുന്ന പുംഗവഃ, ഋഷഭഃ തുടങ്ങിയ പദങ്ങളും, സിംഹമെന്നർത്ഥം വരുന്ന കേസരി, പുലി എന്നർത്ഥം വരുന്ന വ്യാഘ്രം, ശാർദ്ദൂലം മുതലായ പദങ്ങളും പദാന്തത്തിൽ ചേർത്ത് പ്രയോഗിക്കുന്നു. ഉദാ- ശ്രേഷ്ഠനായ മനുഷ്യൻ എന്നർത്ഥത്തിൽ നരപുംഗവൻ, നരർഷഭൻ, നരകേസരി, നരവ്യാഘ്രൻ, നരശാർദ്ദൂലൻ എന്നിങ്ങനെ കവിപ്രയോഗങ്ങൾ സുലഭം. ഇതേ പാഠത്തിൽ ത്തന്നെ ഇത്തരം ഉദാഹരണങ്ങളുള്ളത് ശ്രദ്ധിക്കുക)*

(स त्वं केसरिण: पुत्र: क्षेत्रजो भीमविक्रम: ।)
4 मारुतस्यौरस:पुत्रस्तेजसा चापि तत्सम: ।।

(ആ നീ കേസരിതൻ ഭാര്യയ്ക്കുണ്ടായോൻ ഭീമവിക്രമൻ)
വായുവിൻ ഔരസൻ പുത്രൻ തേജസ്സാൽ വായുതുല്യനും

അന്വയം- ഭീമവിക്രമഃ സഃ ത്വം കേസരിണഃ ക്ഷേത്രജഃ പുത്രഃ, മാരുതസ്യ ഔരസഃപുത്രഃ തേജസാ ചാപി തത്സമഃ.

അന്വയാർത്ഥം- പരാക്രമശാലിയായ ആ നീ കേസരിയുടെ ഭാര്യയിൽ പിറന്ന പുത്രനാകുന്നു; വായുവിന്റെ സ്വന്തം മകൻ. തേജസ്സ്കൊണ്ടും (നീ) അദ്ദേഹത്തിന് (വായുവിന് ) തുല്യനാകുന്നു.

*(കുറിപ്പ്- ക്ഷേത്രം എന്നാൽ ഭാര്യ. ക്ഷേത്രജൻ - സ്വന്തം ഭാര്യയിൽ അന്യനാൽ ജനിപ്പിക്കപ്പെട്ട പുത്രൻ. പാണ്ഡവന്മാർ പാണ്ഡുവിന്റെ ക്ഷേത്രജന്മാരാണ്. ഹനുമാൻ കേസരി എന്ന വാനരന് പത്നിയായ അഞ്ജനയിൽ വായുവിനുണ്ടായ ക്ഷേത്രജനായ മകനാണ് എന്നർത്ഥം. ഔരസൻ, പുത്രികൻ, ക്ഷേത്രജൻ, ഗൂഢജൻ, കാനീനൻ,*

*പൗനർഭവൻ, ദത്തകൻ, കൃതകൻ, കൃത്രിമൻ, സ്വയംദത്തൻ, സഹോഢജൻ, അപവിദ്ധൻ എന്നിങ്ങനെ പുത്രന്മാർ പന്ത്രണ്ടു വിധമുണ്ടെന്ന് പ്രാചീനമതം)* .

(भवान् जीवातवेस्माकं अञ्जनागर्भसम्भव।)
त्वं हि वायुसुतो वत्स! प्लवने चापि तत्समः।।

(ആഞ്ജനേയൻ ഭവാനത്രേ നമുക്കും ജീവനൗഷധം)
കുഞ്ഞേ! നീ വായുവിൻപുത്രൻ ചാട്ടത്തിൽ കാറ്റിനൊത്തവൻ

അന്വയം- ഹേ വത്സാ! അഞ്ജനാഗർഭസംഭവ! ഭവാൻ അസ്മാകം ജീവാതവേ (ഭവതി). വായുസുതഃ ത്വം പ്ലവനേ ച അപി തത്സമഃ ഹി.

അന്വയാർത്ഥം- അഞ്ജനയുടെ വയറ്റിൽ പിറന്ന കുഞ്ഞേ! നീ നമ്മുടെ ജീവൻ നിലനിർത്താനുള്ളവനാണ്. വായുപുത്രനായ നീ ചാട്ടത്തിലും അദ്ദേഹത്തിനു തുല്യനത്രേ.

(പാഠപുസ്തകത്തിലെ നാലാമത്തെ പദ്യം മൂലഗ്രന്ഥത്തിലെ രണ്ടു പദ്യങ്ങളുടെ രണ്ടാമത്തെ വരികൾ മാത്രം ചേർത്തുണ്ടാക്കിയതാണ്. ആശയവ്യക്തതയ്ക്ക് വേണ്ടി ആ വരികൾകൂടി ഇവിടെ ഉദ്ധരിച്ചിരിക്കുന്നു. വാനരനായ കേസരിയുടെ പത്നി അഞ്ജനയിൽ വായുവിനുണ്ടായ മകനാകയാലാണ് മാരുതന്റെ ഔരസപുത്രൻ എന്ന് പ്രത്യേകം വിശേഷിപ്പിച്ചിരിക്കുന്നത്. കേസരിയുടെ ക്ഷേത്രജനായ – ഭാര്യയിൽ ജനിച്ച – എന്ന മുൻശ്ലോകത്തിലെ വിശേഷണത്തിനു കൂടുതൽ വ്യക്തതവരുത്താനും കൂടിയാണ് ഈ പ്രയോഗം. പാഠപുസ്തകത്തിലെ നാലാമത്തെ പദ്യത്തിന്റെ പൂർവ്വ-ഉത്തരപാദങ്ങളിൽ വായുപുത്രഃ എന്ന് അർത്ഥം വരുന്ന പദങ്ങൾതന്നെ ആവർത്തിച്ചുവരുമ്പോൾ അത് പുനരുക്തി എന്ന കാവ്യദോഷത്തിന് കാരണമാകും. ഇതാകട്ടെ വാല്മീകിയാൽ വിവക്ഷിതവുമല്ല.

സ്വബീജത്തിൽനിന്നു ജനിച്ചവൻ എന്നാണ് ഔരസൻ എന്ന പദത്തിനുള്ള അർത്ഥം. ഔരസഃപുത്രഃ എന്ന പദത്തിൽ ഔരസഃ എന്നത് പുത്രഃ എന്നതിന്റെ വിശേഷണമാകുന്നു. ഔരസനായ പുത്രൻ എന്നർത്ഥം. പാഠപുസ്തകത്തിൽ ഔരസഃ എന്നതിനും പുത്രഃ എന്നതിനും വെവ്വേറെ, പുത്രൻ എന്നുതന്നെ അർത്ഥം കൊടുത്തിരിക്കുന്നത് പഠിതാക്കളെ സംബന്ധിച്ച്, മഹാകവിപ്രയോഗത്തെ തെറ്റിദ്ധരിപ്പിക്കാൻ മാത്രമേ ഉപകരിക്കയുള്ളൂ)

5 उत्तिष्ठ हरिशार्दूल! लङ्घयस्व महार्णवम् ।
परा हि सर्वभूतानां हनूमन्! या गतिस्तव ।।

എഴുന്നേല്ക്കു കപിശ്രേഷ്ഠ! തരണം ചെയ്ക വൻകടൽ
ഭൂതങ്ങൾക്കൊക്കെയുമേലെയത്രേ നിൻഗതി മാരുതേ!

അന്വയം- ഹരിശാർദ്ദൂല! ഉത്തിഷ്ഠ, മഹാർണ്ണവം ലംഘയസ്വ. ഹനുമൻ! തവ ഗതി യാ, (സാ) സർവ്വഭൂതാനാം പരാ ഹി.

അന്വയാർത്ഥം - വാനരവീര! എഴുന്നേറ്റാലും. മഹാസമുദ്രത്തെ തരണം ചെയ്താലും. അല്ലയോ ഹനുമൻ! നിന്റെ ഗമനശക്തി ഏതൊന്നാണോ അത് മറ്റ് പ്രാണികൾക്കുള്ളതിനേക്കാൾ അധികരിച്ചുള്ളതാണ്.

6 ततस्तु वै जाम्बवता प्रचोदित:
प्रतीतवेग:पवनात्मज: कपि:।
प्रहर्षयंस्तां हरिवीरवाहिनीं
चकार रूपं महदात्मनस्तदा।।

അനന്തരം ജാംബവനാൽ പ്രചോദിതൻ
സമർത്ഥവേഗൻ പവനാത്മജൻ കപി
സന്തുഷ്ടരാക്കി കപിവീരസേനയെ
ധരിച്ചു രൂപം പ്രബലം മഹത്തരം



അന്വയം- തതഃ ജാംബവതാ പ്രചോദിതഃ പവനാത്മജഃ കപിഃ പ്രതീതവേഗഃ (സൻ) താം ഹരിവീരവാഹിനീം പ്രഹർഷയൻ ആത്മനഃ രൂപം തദാ തു മഹത് ചകാര വൈ

അന്വയാർത്ഥം- അനന്തരം ജാംബവാനാൽ പ്രചോദിപ്പിക്കപ്പെട്ട വായുപുത്രനായ വാനരൻ , വാനരന്മാരുടെ ആ വീരസൈന്യത്തെ കോൾമയിർക്കൊള്ളിപ്പിച്ച് കൊണ്ട് തന്റെ രൂപത്തെ അപ്പോൾത്തന്നെ വലുതാക്കി.

(കുറിപ്പ് - ततस्तु वै जाम्बवता प्रचोदितः എന്ന ഒന്നാമത്തെ വരിക്ക് ततः कपीनामृषभेण चोदितः -എന്നും महदात्मनस्तदा എന്ന അവസാനത്തെവരിയിലെ അവസാനത്തെ പദത്തിന് पवनात्मजस्तदा എന്നും പാഠഭേദമുണ്ട്. അതാണ് പാഠപുസ്തകത്തിലുള്ളത്. പവനാത്മജഃ എന്ന പദം ആവർത്തിച്ചുവരുന്നതിനേക്കാൾ അർത്ഥപുഷ്ടി ആത്മനഃ രൂപം മഹത് ചകാര -തന്റെ രൂപത്തെ വലുതാക്കി തീർത്തു - എന്ന വാക്യാംശത്തിനാകയാൽ ആ പാഠമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത് )

(കുറിപ്പ്- ഹനുമാൻ എന്നും ഹനൂമാൻ എന്നും രണ്ട് തരത്തിൽ പ്രയോഗിക്കുന്നതും ശരിയാണ്. ഹനൂമാൻ ഹനുമാനപി- എന്ന് ശബ്ദഭേദപ്രകാശനിഘണ്ടു)

** ** **

- ഹരിപ്രസാദ്,വി.ടി.കടമ്പൂര്
haripradadvt1973@gmail.com
9446431656